**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5980** **09-11-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നിർമ്മിക്കുന്ന നേര്യമംഗലം പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും (ഗേൾസ്), പിണവൂർക്കുടി പ്രീ-മെട്രിക് ഹോസ്റ്റലിന്റെയും (ബോയ്സ്) നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | നേര്യമംഗലം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നേര്യമംഗലം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരുന്നുവെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കിയ സ്ഥലത്തു നിന്നും പുതുക്കിയ സ്ഥലത്തേക്ക് നിർമ്മാണം മാറ്റുകയുണ്ടായി. പുതിയതായി തയ്യാറാക്കിയ സൈറ്റ് പ്ലാനിന്റെ അടിസ്ഥാനത്തിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ജനറൽ മാനേജരുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. എന്നാൽ, പുതിയതായി നൽകിയിരിക്കുന്ന സൈറ്റിന്റെ ഏകദേശം മധ്യഭാഗത്തു കൂടി മഴക്കാലത്ത് മാത്രം വെള്ളം ഒഴുകിപോകുന്ന ഒരു തോട് ഉള്ളതായും, ഈ തോട് നിലനിർത്തി മാത്രമേ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളു എന്നും പരിസരവാസികൾ അറിയിച്ചിട്ടുള്ളതിനാൽ പുതിയ സൈറ്റിൽ നിലവിൽ എഗ്രിമെന്റ് വച്ചിരിക്കുന്ന പ്ലാനും എസ്റ്റിമേറ്റും അനുസരിച്ച് പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പുതിയ സൈറ്റ് കണ്ടെത്തി മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളു. ഇതിനായി നേര്യമംഗലത്ത് വകുപ്പിന്റെ കൈവശമിരിക്കുന്ന ഭൂമി പരിശോധിച്ച് സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമാക്കി സോയിൽ ടെസ്റ്റ്, പ്ലാൻ തയ്യാറാക്കൽ എന്നിവ ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ടി പ്രോജക്ടിനായി കണ്ടെത്തിയ സൈറ്റിന് വനം വകുപ്പിന്റെ വികസനാവകാശം ലഭ്യമായിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ജോലി നിശ്ചിത സമയത്ത് ആരംഭിക്കുവാൻ കൺസ്ട്രക്ഷൻ കോർപ്പറേഷന് സാധിച്ചിരുന്നില്ല. പദ്ധതിയുടെ വനാവകാശവികസന അനുമതിയുടെ |

| | | | |
|---|---|---|---|
| | | | കാലാവധി അവസാനിച്ചതിനാൽ പുതിയ അനുമതിക്കായി മൂന്നാർ ഡി.എഫ്.ഒയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | കോതമംഗലം മണ്ഡലത്തിലെ അയ്യായിരത്തിലധികം വരുന്ന ആദിവാസി കുടുംബങ്ങൾക്കും ഇടുക്കി അടക്കമുള്ള സമീപ ജില്ലകളിലെ കുട്ടികൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പ്രസ്തുത ഹോസ്റ്റൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ആദ്യം അംഗീകരിച്ച പ്ലാനിൽ മാറ്റം വന്നതുമൂലമാണ് നേര്യമംഗലം പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവൃത്തിയിൽ കാലതാമസം ഉണ്ടായത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാനുണ്ടായ കാലതാമസം കാരണം വനാവകാശ വികസന അനുമതി കാലഹരണപ്പെട്ടതാണ് പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ പ്രവൃത്തികൾ വൈകിയത്. |
| (സി) | ഹോസ്റ്റൽ നിർമ്മാണത്തിന്റെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് ആയത് വേഗത്തിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നേര്യമംഗലം ഹോസ്റ്റലിന്റെ നിർമ്മാണത്തിൽ താലൂക്ക് സർവ്വേയർ സ്ഥലം പരിശോധിച്ച് സ്കെച്ച് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്നാർ ഡി.എഫ്.ഒ പുതുക്കിയ വനാവകാശ വികസന അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട് പിണവൂർക്കുടി ഹോസ്റ്റലിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ